"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകൾ വിദ്യാർത്ഥികൾക്കായി ഏഴ് ദിവസത്തേക്ക് മാത്രം തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് അനുവാദം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്

**സ.ഉ (സാധാ) നം.843/2020/ഉ.വി.വ. തീയതി, തിരുവനന്തപുരം : 23/06/2020.**

പരാമർശം:- കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 15.06.2020 - തീയതികളിലെ ജി2/17182/2020/കോ.വി.വ നമ്പർ കത്ത്.

## ഉത്തരവ്

എം.ജി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിൽ ബിരുദ പരീക്ഷകൾ ആരംഭിക്കാൻ ഇരിക്കെ വിദ്യാർത്ഥികൾക്ക് വീടിനടുത്തുള്ള സെന്ററുകളിൽ പരീക്ഷ എഴുതാനുള്ള അനുവാദം യൂണിവേഴ്സിറ്റിയിൽ നിന്നും അനുവദിച്ചു കിട്ടാത്ത സാഹചര്യത്തിൽ ഹോസ്റ്റലുകൾ തുറന്ന് താമസ സൗകര്യം അനുവദിക്കണമെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

3. യൂണിവേഴ്സിറ്റികൾ വീടിനടുത്തുള്ള സെന്ററുകളിൽ പരീക്ഷ എഴുതാനുള്ള അനുവാദം എല്ലാ കുട്ടികൾക്കും നല്കിയിട്ടു വേണം പരീക്ഷ നടത്തേണ്ടത്.

4.എന്നാൽ അപ്രകാരം സെന്റർ ലഭിച്ചില്ലെങ്കിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകൾ തുറന്നു പ്രവർത്തിക്കുന്നത് പൊതുവായ ഒരു ആവശ്യമാണ്. കോവിഡ് - 19 മായി ബന്ധപ്പെട്ട് സർക്കാർ ക്വാറന്റൈൻ ആയി എടുത്തിട്ടുള്ള കോളേജ് ഹോസ്റ്റലുകൾ ഒഴികെ വകുപ്പിന് കീഴിലുള്ള മറ്റ് കോളേജ് ഹോസ്റ്റലുകൾ കോവിഡ് - 19 പ്രതിരോധ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അതാത് ജില്ലാ കളക്ടർമാരുടെ അനുമതിയോട് കൂടെ വിദ്യാർത്ഥികൾക്കായി ഏഴ് ദിവസത്തേക്ക് മാത്രം തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് അനുവാദം നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ഡോ.ഉഷ ടൈറ്റസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

എല്ലാ ജില്ലാ കളക്ടർമാർക്കും
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം
നോഡൽ ഓഫീസർ (www.highereducation.kerala.gov.in)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ